"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ട് പാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 371/05 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2419/2025/LSGD തീയതി, തിരുവനന്തപുരം, 04-10-2025**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം സബ് കോടതിയിൽ 26/06/2022 തീയതിയിൽ നടന്ന ലോക് അദാലത്തിലെ എൽ.എ.ആർ. 371/2005 നമ്പർ കേസിലെ ഉത്തരവ്.
2. സ.ഉ.(പി)നം.32/2019/ധന തീയതി 18/03/2019
3. സ.ഉ.(സാധാ)നം.1510/2025/തസ്വഭവ തീയതി 19/06/2025.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 04/08/2025 -ലെ എ3/3724/2005/ട്രിഡ നമ്പർ കത്ത്.
5. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 25/08/2025 തീയതിയിലെ DCTVM/9662/2024-K9 നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ട് പാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 371/2005 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 2,39,49,015/- രൂപ (രണ്ട് കോടി മുപ്പത്തിയൊമ്പത് ലക്ഷത്തി നാല്പത്തിയൊമ്പതിനായിരത്തി പതിനഞ്ച് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീമതി റഫീക്കയ്ക്ക് അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്തു നൽകിയത് ബഹു. തിരുവനന്തപുരം സബ് കോടതിയിൽ കെട്ടി വച്ചിട്ടുള്ളതായും ടി കേസിലെ ബാലൻസ് തുകയായ 10,50,826/- രൂപ (പത്ത് ലക്ഷത്തി അമ്പതിനായിരത്തി എണ്ണൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) അടിയന്തരമായി അനുവദിക്കണമെന്നും പരാമർശം(5) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ട് പാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ മണക്കാട് വില്ലേജിൽ സർവ്വേ നം. 1233/1 (എൽ.എ.സർവ്വേ നം.1236/6)-ൽപ്പെട്ട 7.50 ആർ ഭൂമി

ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 371/2005 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 10,50,826/- രൂപ (പത്ത് ലക്ഷത്തി അമ്പതിനായിരത്തി എണ്ണൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീമതി റഫീക്കയ്ക്ക് 4217-60-800-93 Payment of Compensation in LAR Cases (Plan _Charged) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീമതി റഫീക്ക, റ്റി.സി.49/90(1), റഫീക്ക മൻസിൽ, മണക്കാട് പി.ഒ., തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/378/2024/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 06-10-2025 12:14:33
സെക്ഷൻ ഓഫീസർ